ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE**:11-10-2024

## പ്രധാനവാർത്തകൾ

1. ദക്ഷിണ ചൈനാ സമുദ്രമേഖലയിൽ സമാധാനം ഉറപ്പാക്കാനാണ് ഇന്തോ-പസഫിക്ക് മേഖല താൽപര്യപ്പെടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രണ്ടു ദിവസത്തെ ലാവോസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ത്യയിലെത്തി.

2. കണ്ണൂർ വിമാനത്താവളത്തിന് പോയിൻറ് ഓഫ് കോൾ പദവി നേടാൻ കൂട്ടായ ശ്രമം നടത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതായി മുഖ്യമന്ത്രിക്കു വേണ്ടി മന്ത്രി എം ബി രാജേഷ് നിയമസഭയിൽ അറിയിച്ചു.

3. സ്വകാര്യ കശുവണ്ടിമേഖലയിലെ തൊഴിലാളികളുടെ ESI , PF വിഹിതത്തിൽ തൊഴിലുടമ അടയ്ക്കേണ്ട 50 ശതമാനം തുക സർക്കാർ നൽകുന്ന പദ്ധതി ഉടൻ നടപ്പാക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ.

4. നവരാത്രി ആഘോഷ നിറവിൽ സംസ്ഥാനം. ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകൾ.

RNU TVPM

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത; തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള – കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളവും പഞ്ചാബും തമ്മിലുള്ള മത്സരത്തിൽ ഒന്നാം ദിവസം കളി നിർത്തുമ്പോൾ പഞ്ചാബ് അഞ്ചു വിക്കറ്റിന് 95 റൺസ് എന്ന നിലയിൽ.

******************

## പിഎം-ലാവോസ്

ദക്ഷിണ ചൈനാ സമുദ്രമേഖലയിൽ സമാധാനവും സുരക്ഷയും സുസ്ഥിരതയും ഉറപ്പാക്കാനാണ് ഇന്തോ-പസഫിക്ക് മേഖല ഒന്നാകെ താൽപര്യപ്പെടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്തോ- പസഫിക് മേഖലയുടെ സമാധാനത്തിനും വികസനത്തിനും, എല്ലാവരെയും ഉൾക്കൊള്ളിച്ചുള്ള വികസനം അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ലാവോ പിഡിആറിലെ വിയൻ്റിയനിൽ 19-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. പ്രതിരോധ സഹകരണം, കസ്റ്റംസ് തുടങ്ങി വിവിധ മേഖലകളിലെ ആറ് കരാറുകളിൽ ഇന്ത്യയും ലാവോസും ഒപ്പുവയ്ച്ചു. രണ്ടു ദിവസത്തെ ലാവോസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലെത്തി.

RNU TVPM

******************

## നിയമസഭ_ ഉമ തോമസ് _മുഖ്യമന്ത്രി

പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയനു വേണ്ടി മന്ത്രി

എം ബി രാജേഷ് നിയമസഭയെ അറിയിച്ചു. നിർമ്മാണം നടക്കുന്ന ഭാഗത്തെ റോഡിൻറെ വീതിയുടെ 5 മീറ്റർ ഗതാഗതത്തിനായി വിട്ടശേഷം മാത്രമേ ബാരിക്കേഡുകൾ സ്ഥാപിക്കാവൂ എന്ന് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഗതാഗതക്കുരുക്ക് ഉണ്ടാകാനിടയുള്ള മേഖലയെ മൂന്ന് സെക്ഷനുകളായി തിരിച്ച് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചതായും ശ്രീമതി ഉമ തോമസിൻ്റെ സബ്മിഷന് മറുപടിയായി ശ്രീ എം ബി രാജേഷ് പറഞ്ഞു.

******************

നിയമസഭ_ കണ്ണൂർ വിമാനത്താവളം (ഇൻട്രോ)

കണ്ണൂർ വിമാനത്താവളത്തിന് പോയിന്റ് ഓഫ് കോൾ പദവി ലഭിക്കാൻ സംസ്ഥാന സർക്കാർ കാര്യക്ഷമമായ ഇടപെടലാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയനു വേണ്ടി മന്ത്രി എം ബി രാജേഷ് നിയമസഭയിൽ അറിയിച്ചു .

പോയിന്റ് ഓഫ് കോൾ പദവി നേടിയെടുക്കാൻ എംപിമാർ കൂട്ടായി ശ്രമിക്കണമെന്നും ശ്രീ സജീവ് ജോസഫിൻ്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

സംസ്ഥാനത്തെ മറ്റ് എയർപോർട്ടുകളുമായി KIAL ൻറെ പ്രാദേശിക കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി UDAN സ്കീമിൽ ഉൾപ്പെടുത്തി പുതിയ എയർ റൂട്ടുകൾ അനുവദിക്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രിക്ക് സെപ്റ്റംബർ 28-ന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ശ്രീ എം ബി രാജേഷ് പറഞ്ഞു.

******************

തുരങ്കപാത

ആനക്കാംപൊയിൽ - കള്ളാടി- മേപ്പാടി തുരങ്കപാത നിർമ്മാണ പദ്ധതിക്ക് 2043.75 കോടി രൂപയുടെ ഭരണാനുമതിയും 2134.50 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ടെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസിന് വേണ്ടി

RNU TVPM

മന്ത്രി ആർ ബിന്ദു മറുപടി നൽകി . പദ്ധതിക്ക് അന്തിമ പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ലിന്റോ ജോസഫ് എംഎൽഎ നൽകിയ സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞു.

******************

## നിയമസഭ-പി പ്രസാദ്+ അബ്ദുറഹിമാൻ

ജൈവ ഉത്പന്നങ്ങൾക്ക് പ്രത്യേക വിപണി തയ്യാറാക്കാൻ സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായും ജൈവ ഉത്പന്നങ്ങൾക്കുള്ള സർട്ടിഫിക്കേഷന് വേണ്ടി കർഷകർക്ക് സാമ്പത്തിക സഹായം നൽകുമെന്നും മന്ത്രി പി പ്രസാദ് നിയമസഭയെ അറിയിച്ചു. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി **മാർഗ ദീപം** എന്ന പേരിൽ പുതിയ സ്കോളർഷിപ് പദ്ധതി ആരംഭിക്കുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ സഭയെ അറിയിച്ചു. ഗ്രാമീണ മേഖലകളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി ചെറിയ ബസുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി കെ ബി ഗണേഷ്കുമാർ നിയമസഭയെ അറിയിച്ചു .

RNU TVPM

******************

## നിയമസഭ :പ്രതിപക്ഷ വാക്ക് ഔട്ട്

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യാൻ നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷം വാക്ക് ഔട്ട് നടത്തി. വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലാണ് നോട്ടീസിന് അനുമതി നിഷേധിക്കുന്നത് എന്ന് സ്പീക്കർ അറിയിച്ചു. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയത്.

******************

## നിയമസഭ- പിരിഞ്ഞു

സഭാ നടപടികൾ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ തിങ്കളാഴ്ച വീണ്ടും ചേരും.

******************

## കെ.എൻ ബാലഗോപാൽ

സ്വകാര്യ കശുവണ്ടിമേഖലയിലെ തൊഴിലാളികളുടെ ESI , PF വിഹിതത്തിൽ തൊഴിലുടമ അടയ്ക്കേണ്ട 50 ശതമാനം തുക സർക്കാർ നൽകുന്ന പദ്ധതി ഉടൻ നടപ്പാക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ. ആദ്യഘട്ടമെന്ന നിലയിൽ 32 ഫാക്ടറികളിൽ നിന്ന് ഇതിനുള്ള അപേക്ഷ സ്വീകരിച്ചതായും മന്ത്രി അറിയിച്ചു. കൊല്ലത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

******************

## മ്യൂറിൻ ടൈഫസ്

തിരുവനന്തപുരത്ത് മ്യൂറിൻ ടൈഫസ് രോഗബാധ സ്ഥിരീകരിച്ചു. വിദേശത്ത് നിന്ന് വന്ന 75 കാരനാണ് രോഗബാധ സ്ഥിരീകരിച്ചത്. ചെള്ള് പനിക്ക് സമാനമായ ബാക്ടീരിയൽ രോഗം ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യുന്നത് അപൂർവമായാണ്. എന്നാൽ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് രോഗം പകരില്ല.

RNUTVPM

******************

## നവരാത്രി

നവരാത്രി ആഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്. പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രത്തിൽ ഗ്രന്ഥമെഴുന്നള്ളിപ്പിനു ശേഷം സരസ്വതീ നടയിൽ പ്രത്യേകം സജ്ജമാക്കിയ മണ്ഡപത്തിൽ പൂജ വച്ചു. ചോറ്റാനിക്കര ദേവി ക്ഷേത്രത്തിലെ സരസ്വതി മണ്ഡപത്തിലും നൂറുകണക്കിന് ഭക്തർ പൂജ വച്ചു.വിജയദശമി ദിവസമായ ഞായറാഴ്ച രാവിലെ പൂജയെടുപ്പും തുടർന്ന്

വിദ്യാരംഭവും നടക്കും. കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ നാളെ പുലർച്ചെ 3 ന് നട തുറക്കും. രാവിലെ നാല് മണി മുതൽ സരസ്വതി മണ്ഡപത്തിലും ഹോമശാല വരാന്തയിലുമായി നൂറ് കണക്കിന് കുരുന്നുകൾ അറിവിൻ്റ അധ്യാക്ഷരം കുറിക്കും. ആകാശവാണി തിരുവനന്തപുരം നിലയത്തിലും പൂജ വയ്പ്പ് ചടങ്ങുകൾ നടന്നു.
നവരാത്രിയുടെ സമാപനമായ മഹാനവമി പൂജയും, ആഘോഷവും നാളെ നടക്കും.

******************

## നവരാത്രി-തിരു (ഇൻട്രോ)

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്തെ ക്ഷേത്രങ്ങളിലും കലാപഠന സ്ഥാപനങ്ങളിലും പൂജ വയ്പ്പ് ചടങ്ങുകൾ പുരോഗമിക്കുന്നു. വിദ്യാരംഭ ചടങ്ങുകൾക്കായി അനന്തപുരി ഒരുങ്ങിക്കഴിഞ്ഞു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.

(വോയ്സ്)

RNU TVPM

******************

## മഴ

സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട മുതൽ തൃശൂർ വരെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള – കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

******************

## രഞ്ജി ട്രോഫി

കേരളവും പഞ്ചാബും തമ്മിലുള്ള രഞ്ജി ട്രോഫി ക്രിക്കറ്റ് ഗ്രൂപ്പ് സി മത്സരത്തിൽ ഒന്നാം ദിവസം കളി നിർത്തുമ്പോൾ പഞ്ചാബ് അഞ്ചു വിക്കറ്റിന് 95 റൺസ് എന്ന നിലയിൽ .ടോസ് നേടിയ

പഞ്ചാബ് ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു . തിരുവനന്തപുരം തുമ്പ സെയ്ന്റ് സേവിയേഴ്സ് കോളേജ് ഗ്രൗണ്ടിലാണ് മത്സരം. കേരളത്തിന് വേണ്ടി ആദിത്യ സർവാതെ മൂന്നും ജലജ് സക്സേന 2 ഉം വിക്കറ്റ് നേടി.

******************

## <u>ശബരിമല</u>

ശബരിമലയിൽ ഇത്തവണ വെർച്വൽ ക്യൂ ബുക്കിങ് മാത്രമേ ഉണ്ടാകൂ എന്ന് തിരുവിതാംകൂർ ദേവസ്വം ബോഡ് പ്രസിഡൻറ് പി എസ് പ്രശാന്ത് . ശബരിമല മണ്ഡല മകരവിളക്ക് ഒരുക്കങ്ങളുമായി ബന്ധപ്പെട്ടു ചേർന്ന അവലോകനയോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാവിലെ മൂന്നു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയും ഉച്ചകഴിഞ്ഞ് മൂന്നു മണി മുതൽ രാത്രി 11 മണി വരെയുമാണ് ദർശന സമയം . ഭക്തർക്ക് പരമാവധി ദർശനം സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മാലയിട്ട് വ്രതം എടുത്ത് വരുന്ന ഒരു ഭക്തനും ദർശനം നടത്താതെ തിരിച്ചുപോകാനുള്ള സാഹചര്യം ഉണ്ടാകില്ലെന്നും ശ്രീ പ്രശാന്ത് പറഞ്ഞു .

RNUTVPM

******************

## <u>ശബരിമല- മുരളീധരൻ+ സുരേന്ദ്രൻ</u>

അതേസമയം ശബരിമല തീർത്ഥാടനത്തിന് ഏർപ്പെടുത്തിയ അമിത നിയന്ത്രണം അംഗീകരിക്കാനാകില്ലെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ പ്രതികരിച്ചു. സ്ലോട്ട് ബുക്കിംഗ് അനുവദിക്കില്ലെന്ന ദേവസ്വം ബോർഡ് നിലപാട് വിശ്വാസികളോടുള്ള വെല്ലുവിളിയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രസ്താവനയിൽ പറഞ്ഞു.

******************

## അഗ്നിവീർ

മഹാരാഷ്ട്രയിൽ പരിശീലനത്തിനിടെയുണ്ടായ അപകടത്തിൽ രണ്ട് അഗ്നിവീർ സൈനികർക്ക് ജീവൻ നഷ്ടമായി. അഗ്നിവീർ ഗണ്ണർമാരായ ഗോഹിൽ വിശ്വരാജ് സിംഗ്, സൈകത് എന്നിവർക്കാണ് ജീവൻ നഷ്ടമായത്. സംഭവത്തിൽ കരസേന അന്വേഷണം പ്രഖ്യാപിച്ചു

******************

## സസ്പെൻഡ് ചെയ്തു

കാസർഗോഡ് ചന്തേര പോലീസ് സബ് ഇൻസ്പെക്ടർ പി അനൂപിനെ ജില്ലാ പോലീസ് മേധാവി അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു

പോലീസ് കസ്റ്റഡിയിൽ എടുത്ത ഓട്ടോറിക്ഷ വിട്ടു കൊടുക്കാൻ കാലതാമസം വരുത്തിയതിൽ ഓട്ടോറിക്ഷ ഡ്രൈവർ ആത്മഹത്യ ചെയ്ത സംഭവത്തിൽ അഡീഷണൽ പൊലീസ് സൂപ്രണ്ട് പി ബാലകൃഷ്ണൻ നായർ നടത്തിയ അന്വേഷണത്തെ തുടർന്നാണ് നടപടി.

RNU TVPM

************************************

**********************************

********************